1

# തപതീസംവരണം

എൻ. വി. കൃഷ്ണവാരിയർ

സംസ്കൃതനാടകങ്ങളുടെ കൂട്ടത്തിൽ പ്രസിദ്ധി നേടിയ ഒന്നെന്നു് ''തപതീസംവരണ''ത്തെപ്പററി പറയാമോ എന്നു സംശയമാണു്. കേരളീയനായ കുലശേഖരവമ്മയുടെ കൃതി എന്ന നിലയിൽ നമ്മെസ്സംബന്ധിച്ചേടത്തോളം അതിന്നൊരു സവിശേഷപ്രാധാന്യമുണ്ടെന്ന വസ്തുത നിഷേധിക്കുന്നില്ല. എന്നാൽ അകേരളീയരുടെ ദൃഷ്ടിയിൽ, അനുകരണപ്രധാനങ്ങളായ അനേകം സംസ്കൃതനാടകങ്ങളുള്ളതിൽ ഒന്നു മാത്രമേ ആകുന്നുള്ളു ''തപതീസംവരണം''; പറയത്തക്ക മൌലികത്വമോ നാടകീയതയോ കാവ്യഭംഗിയോ അതിന്നില്ല. കുലശേഖരവമ്മയുടെ തന്നെ മറെറാരു കൃതിയായ ''സുഭദ്രാധനഞ്ജയ''ത്തോളം പോലും മേന്മ ''തപതീസംവരണ''ത്തിന്നു് അവകാശപ്പെട്ടുകൂടാ. ഇക്കാരണം കൊണ്ടാവാം, ഒരു കാലത്തു് കൂടിയാട്ടത്തിനു് ചാക്യാന്മാർ ധാരാളമായി ഉപയോഗിച്ചു വന്നിരുന്ന ''തപതീസംവരണം'' ഇപ്പോൾ കൂത്തമ്പലങ്ങളിൽ നിന്നു കൂടി എറെക്കുറെ ബഹിഷ്കൃതമായിരിക്കുന്നതു്.

സൂര്യപുത്രിയായ ''തപതി'' എന്ന ദിവ്യകന്യകയും ഹസ്തിനാപുരത്തിലെ രാജാവായ സംവരണനും തമ്മിലുള്ള പ്രണയത്തിന്റെ ചരിത്രം മഹാഭാരതത്തിലെ ആദിപവ്വത്തിലുള്ളതാണു്. ഈ കഥ അല്പാല്പം വ്യത്യാസങ്ങളോടേയും ചില വിശദാംശങ്ങൾ ചേത്തും ആറു് അങ്കങ്ങളായി കുലശേഖരവമ്മ നിബന്ധിച്ചിരിക്കുന്നു. വിവാഹിതനാണെങ്കിലും സംവരണൻ അനപത്യനാണു്. അദ്ദേഹത്തിന്റെ പത്നിയായ സാല്വരാജപുത്രി സന്താനാത്ഥം എന്തോ വ്രതമനുഷ്ഠിക്കുകയായിരുന്നു. ഇക്കാലത്തു് ഒരു രാത്രിയിൽ സംവരണൻ, സൂര്യഭഗവാൻ തന്റെ മുൻപിൽ പ്രത്യക്ഷപ്പെട്ടു്, സാല്വരാജപുത്രിയായ റാണി ശരൽക്കാലത്തിലെ മാവു പോലെ വന്ധ്യയാണെന്നു് പ്രഖ്യാപിച്ചതായി സ്വപ്നം കണ്ടു. അതിനാൽ നിഷ്ഫലമായ

പ്രതമവസാനിപ്പിക്കണമെന്ന് റാണിയോടു പറയാൻ അദ്ദേഹം അയച്ച പാരാശര്യനെന്ന വിദൂഷകബ്രാഹ്മണൻ സ്വകൃത്യം നിർവ്വഹിച്ചു തിരിച്ചു വരുമ്പോൾ കതിരപ്പുറത്തു നിന്നു തെറിച്ചു വീണു. എഴുന്നേററു ദേഹം തലോടി ആവലാതി പറഞ്ഞു കൊണ്ടു വരുന്ന വിദൂഷകൻെറ പ്രവേശത്തോടെയാണ് നാടകം ആരംഭിക്കുന്നതു്. വിദൂഷകനോടു് തൻെറ സ്വപ്നത്തെപ്പററി പറഞ്ഞ ശേഷം, ഗംഗാതീരത്തു് സുബ്രഹ്മണ്യക്ഷേത്രപരിസരത്തിലുള്ള ഉദ്യാനത്തിൽ റാണിയെ പ്രതീക്ഷിച്ചു ചെന്ന സംവരണൻ അവിടെയൊരു മരതകപ്പാറപ്പുറത്തു് അരക്കുചാറിൽപ്പതിഞ്ഞ രണ്ടു കാലടയാളങ്ങൾ കണ്ടു. അതൊരു ദിവ്യയുവതിയുടെയാണെന്നറിവാൻ സംവരണന്നു പ്രയാസമുണ്ടായില്ല. ഏറെത്താമസിയാതെ ഒരു പ്രണയപദ്യത്തിലെ വാക്കുകളുടെ ആദ്യാക്ഷരങ്ങളെഴുതിയ മന്ദാരത്തളിരുകൾ കൊണ്ടു തീർത്ത ഒരു കണ്ഠാഭരണവും സംവരണൻെറ കയ്യിൽ എത്തി. സന്താനോല്പത്തിക്കു വേണ്ടി മററൊരു യുവതിയെ പരിണയിക്കണമെന്ന് വിചാരിച്ചു കൊണ്ടിരുന്ന സംവരണൻെറ ഹൃദയത്തിൽ അദൃശ്യയായ ആ ദിവ്യയുവതിയോടു് അനുരാഗമുദിക്കുവാൻ പിന്നെ താമസമുണ്ടായില്ല. രാജാവിൻേറയും നർമ്മസചിവൻേറയും വിസ്രംഭസംഭാഷണങ്ങൾ മറഞ്ഞു നിന്നു് കേൾക്കുകയായിരുന്ന റാണി ഇതോടെ പ്രണയകോപത്തിലാണ്ടു. അവൾ പിന്നെ നാടകത്തിൽ പ്രത്യക്ഷപ്പെടുന്നേ ഇല്ല.

ഹിമാലയത്തിൽ ഭൃഗുമഹർഷിയുടെ ആശ്രമത്തിന്നടുത്തു് തപോവനത്തിലാണ് ഇനിയങ്ങോട്ടുള്ള കഥ നടക്കുന്നതു്. ഈ വനത്തിൽ ''കല്യാണവാമനം'' എന്ന ഒരു വിഷ്ണുക്ഷേത്രവും അതിന്നടുത്തു് ''കരതലോദകം'' എന്ന ഒരു തടാകവുമുണ്ടു്. നായാട്ടിനായി ഈ വനത്തിൽ എത്തിയ സംവരണൻ കല്യാണവാമനക്ഷേത്രത്തിൽ ചെന്നപ്പോൾ അവിടെ ദേവതകൾ പൂജ നടത്തിയിട്ടുള്ളതായി കണ്ടു. സംവരണൻെറ ഹൃദയത്തിൽ ഉൽക്കണ്ഠയുദ്ദീപിപ്പിച്ച തപതി തന്നെയായിരുന്നു ആ പൂജ ചെയ്ത ദേവത. അവൾക്കു ചേർന്ന ഭർത്താവു് രാജർഷിയായ സംവരണനാണെന്നു് പിതാവായ സൂര്യൻ നാരദനോടു പറയുന്നതു് ബാല്യത്തിൽ തന്നെ അവൾ കേട്ടിരുന്നു. സുബ്രഹ്മണ്യക്ഷേത്രത്തിലെ തോട്ടത്തിൽ വെച്ചു് യദൃച്ഛയാ സംവരണനെ കണ്ടതോടെ അവൾക്കു് അദ്ദേഹത്തിൽ കലശലായ ഭ്രമമായി. തൻെറ ആഗ്രഹം സാധിക്കുന്നതിന്നായി കല്യാണവാമനനെ ആരാധിക്കുവാൻ അവൾ ഇപ്പോൾ വന്നിരിക്കയാണ്. കരതലോദകതടാകതീരത്തു് ഒരു സ്ഫടികമണ്ഡപത്തിൽ വിശ്രമിക്കുകയായിരുന്നു അവൾ. തപതിയുടെ സഖിമാരായ മേനക, രംഭ എന്നിവരും അവിടെ വന്നു ചേർന്നിരുന്നു.

(3)

ഇവരുടെയെല്ലാം സംഭാഷണത്തിൽ നിന്നു് തപതിക്കു് തന്നോടുള്ള ഉൽക്കടമായ അനുരാഗത്തെപ്പററി മനസ്സിലാക്കാൻ അടുത്തൊരിടത്തു് ഒളിഞ്ഞു നിന്നിരുന്ന സംവരണനു കഴിഞ്ഞു.

ഇതോടെ സംവരണൻെറ വിരഹവ്യഥ അത്യുച്ചകോടിയിലെത്തി. ഭൃഗ്വാശ്രമത്തിലെ രാക്ഷസബാധ അകററാൻ ഏതാനും ദിവസം അവിടെത്തന്നെ താമസിക്കണമെന്നു് മഹർഷിമാർ സംവരണനോടു് അപേക്ഷിച്ചു. സംവരണനാകട്ടെ ഏതാണ്ടു് ഉന്മാദാവസ്ഥയിലായിരുന്നു. തപതി മുമ്പു് വിശ്രമിച്ചിരുന്ന സ്ഫടികമണിഗൃഹത്തിലെത്തി, വിദൂഷകനുമൊത്തു് മദ്ധ്യാഹ്നം കഴിച്ചു കൂട്ടുകയായിരുന്ന അദ്ദേഹത്തിൻെറ പ്രലാപങ്ങൾ തപതിയും സഖിമാരും ഒളിഞ്ഞിരുന്നു് കേട്ടു. സംവരണൻെറ വാക്കുകൾ തപതിയെ മാറി മാറി ആശ്വസിപ്പിക്കുകയും നിരാശപ്പെടുത്തുകയും ചെയ്തു. ഒടുവിൽ സംവരണൻ വിരഹവേദനയാൽ മോഹാലസ്യപ്പെട്ടു വീണു. അദ്ദേഹം മരിച്ചതായി കരുതി വിദൂഷകൻ ആത്മഹത്യ ചെയ്യാൻ അവിടം വിട്ടു. സംവരണനു ബോധമുളവാക്കാൻ തപതി പ്രത്യക്ഷപ്പെട്ടു് അദ്ദേഹത്തിൻെറ മാറിൽ കൈ വെച്ചു. സംവരണൻ ഉണർന്നു് തപതിയെ കണ്ടു. സൂര്യഭഗവാനെ പ്രസാദിപ്പിച്ചു് തപതിയെ പത്നിയായി നേടുവാൻ സംവരണനെ ഉപദേശിച്ചു് ആ ദിവ്യകന്യകകൾ അവിടം വിട്ടു. സംവരണൻ വിദൂഷകനെ കണ്ടു പിടിച്ചു്, സൂര്യനെ പ്രസാദിപ്പിക്കാൻ താൻ തീരുമാനിച്ചതായറിയിച്ചു.

പന്ത്രണ്ടു ദിവസം സൂര്യപ്രസാദകമായ വ്രതമനുഷ്ഠിച്ചപ്പോഴേക്കു്, വസിഷ്ഠമഹർഷിയുടെ ഇടപെടൽ നിമിത്തം, സംവരണൻെറ പത്നിയായിത്തീർന്നു തപതി. അവൾ ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കുകയും ചെയ്തു. എന്നാൽ, അതൊരു സ്വപ്നമായേ തപതിക്കു തോന്നിയുള്ളു. തേജോബലശരീരവർദ്ധനങ്ങളായ ദിവ്യാഹാരങ്ങൾ നല്കി ആ കുമാരനെ വളർത്തി, ദേവന്മാർക്കു് നിഗ്രഹിക്കാനാവാത്ത അസുരന്മാരെ അവനെക്കൊണ്ടു വധിപ്പിയ്ക്കണമെന്നു കരുതിയ സൂര്യഭഗവാൻെറ കല്പനയാൽ രംഭ ചെയ്ത മോഹനവിദ്യ കൊണ്ടാണിങ്ങിനെ സംഭവിച്ചതു്. തപതീസംവരണന്മാരുടെ പുത്രനായ ആ കുമാരനു് ''കുരു'' എന്നു് മുത്തച്ഛനായ സൂര്യൻ പേരിട്ടു. അവൻ തപതിയുടെ ജ്യേഷ്ഠത്തിയായ സാവിത്രീ എന്ന ദേവിയുടെ വീട്ടിൽ വളരുകയും ചെയ്തു. ഇതിന്നിടക്കു്, മുമ്പു് നേർന്നിരുന്ന രതീപൂജ കഴിക്കുന്നതിൽ തപതി വ്യാപൃതയായിരുന്ന സമയത്തു്, മോഹിനിക എന്ന രാക്ഷസി സുന്ദരീവേഷം ധരിച്ചു് സംവരണൻെറ അടുത്തു ചെന്നു. അവളുടെ നൂറു മക്കളെ സംവരണൻ വധിച്ചിരുന്നതിനാൽ അവൾക്കു് സംവര

(4)

ണനോട്ട് കലശലായ പകയുണ്ടായിരുന്നു. ചിത്രരഥനെന്ന ഗന്ധർവ്വ രാജാവിൻെറ പുത്രിയായ സുമനാവതി സംവരണനെക്കണ്ടു് കാമിച്ചിരിയ്ക്കുന്നുവെന്നും, ഹസ്തിനാപുരത്തിലെ തോട്ടത്തിൽ സംവരണൻ കണ്ട കാലടിപ്പാടുകളും അദ്ദേഹത്തിന്നു കിട്ടിയ കണ്ണാഭരണവും സുമനാവതിയുടെയാണെന്നും, മോഹിനിക അദ്ദേഹത്തോടു പറഞ്ഞു. സംവരണനെ ലഭിക്കാഞ്ഞു് സുമനാവതി ആത്മഹത്യക്കൊരുങ്ങിയിരിക്കയാണെന്നും, അതിനാൽ അന്നു വൈകുന്നേരം അവളുമായി സംഗമത്തിന്നു് അതേ തോട്ടത്തിൽ വരണമെന്നും കൂടി രാജാവിനോട്ട് മോഹിനിക അറിയിച്ചു. തല്ക്കാലം അവളെ ഒഴിവാക്കാൻ വേണ്ടി സംവരണൻ അവരം പറഞ്ഞതംഗീകരിച്ചു. അവരം പോയതോടെ, തപതിയുടേതല്ലെന്നു കരുതി ആ പഴയ മന്ദാരപല്ലവ കണ്ണാഭരണം സംവരണൻ വലിച്ചെറിഞ്ഞു. ഇതിനിടക്കു് അവിടെയെത്തിയ തപതി, സങ്കേതത്തിൽ ചെല്ലാമെന്നു് സംവരണൻ പറയുന്നതു കേട്ടു് കലഹിച്ചു് പോയ്ക്കഴിഞ്ഞിരുന്നു. എങ്കിലും സംഗതി മുഴുവൻ അറിയാൻ കാത്തു നിന്ന മേനകയുടെ പരിശ്രമത്തിൻെറ ഫലമായി കുഴപ്പമുണ്ടാകാതെ കഴിഞ്ഞു. തപതീസംവരണന്മാർ തമ്മിൽ അകലാൻ സംഗതി വന്നില്ല.

സംവരണൻ തപതീപ്രേമത്തിൽ മുഴുകി രാജ്യത്തേക്കു കടക്കാതായി. അതിനാൽ രാജ്യത്തു് മഴ പെയ്യാതായി. ക്ഷാമം പെരുത്തു. സംവരണനെ സ്വന്തം കർത്തവ്യം ഓർമ്മിപ്പിയ്ക്കുന്നതിന്നായി സൂര്യൻ തപതിയെ ഉറക്കത്തിൽ അവളുടെ ജ്യേഷ്ഠത്തിയായ സാവിത്രിയുടെ അടുത്തെത്തിച്ചു. ഉണർന്ന സംവരണൻ തപതിയെ കാണാഞ്ഞ് ഉന്മാദം പൂണ്ടു് ഹിമാലയസാനുക്കളിൽ അലഞ്ഞു നടന്നു. ഈ സമയത്തു് വസുമിത്രൻ എന്ന മന്ത്രി അവിടെ വന്നു് വിദൂഷകനെക്കണ്ടു് കാര്യങ്ങരം മനസ്സിലാക്കി. അയൽപക്കക്കാരായ പാഞ്ചാലന്മാർ രാജ്യം ആക്രമിച്ചിരിക്കുന്നതായി അദ്ദേഹം ഒളിച്ചു നിന്നു് സംവരണൻ കേരംക്കേ പറഞ്ഞു. ഇതൊരശരീരി വാക്കാണെന്നു് കരുതി സംവരണൻ ഉടനെ രാജ്യത്തേക്കു പോകാൻ സന്നദ്ധനായി. ഈ സമയത്തു് സൂര്യൻെറ ഭൃത്യനായ ഹയസേനൻ ആകാശചാരിയായ രഥവും കൊണ്ടു് അവിടെ വന്നു. താൻ ഇന്ദ്രൻെറ കല്പനയാൽ വന്നതാണെന്നും ഉടനെ രഥത്തിലേറി ഹസ്തിനാപുരത്തേയ്ക്കു പോകണമെന്നും ഹയസേനൻ പറഞ്ഞതനുസരിച്ചു് സംവരണനും മന്ത്രിയും വിദൂഷകനും ആകാശത്തിലൂടെ അങ്ങോട്ടു ചെന്നു. അവർ ചെല്ലുന്ന തേരിൻെറ ശബ്ദം കേരംക്കേണ്ട താമസം, ഹസ്തിനാപുരത്തിൽ മഴ പെയ്തു.

തൻെറ സമ്മതം കൂടാതെ ഇനി സംവരണനെ കാണരുതെന്നു് സൂര്യൻ തപതിയോടു് കല്പിച്ചിരുന്നു. എന്നിട്ടും വിര

ഹവ്യാകുലയായ തപതി മേനകയുടെ വേഷം ധരിച്ച് സംവര ണനെ കാണാനെത്തി. തപതി പെട്ടെന്ന് അദൃശ്യയാകാനു ണ്ടായ കാരണം ഇതോടെ സംവരണനു മനസ്സിലായി. എങ്കിലും താൻ മേനകയുടെ വേഷമാണ് ധരിച്ചിരിക്കുന്നതെ ന്ന് മറന്ന് തപതി സംവരണനെ ആലിംഗനം ചെയ്യാൻ പുറ പ്പെട്ടത് കുഴപ്പമുണ്ടാക്കി. അവൾ മുഷിഞ്ഞു പോയതോടെ രംഭ യുടെ വേഷം ധരിച്ച് പഴയ മോഹിനികയെന്ന രാക്ഷസി അവിടെയെത്തി. തപതി ആത്മഹത്യ ചെയ്തതായി അവൾ സംവരണനെ അറിയിച്ചു. ഇതു കേട്ട ദുഃഖാർത്തനായി, സ്വയം ആത്മഹത്യക്കായി ഗംഗയിലിറങ്ങിയ സംവരണൻ കണ്ടതു് ഒലിച്ചുവരുന്ന തപതിയെയാണ്. രാക്ഷസി തന്നെ തെററി ദ്ധരിപ്പിച്ചതിന്റെ ഫലമായിരുന്നു തപതിയുടെ ആത്മഹത്യാ സംരംഭം. പിന്നീട് സംവരണൻ തപതിയുടെ കൂടെ ചെന്ന് രംഭയേയും മേനകയേയും ആത്മഹത്യാശ്രമത്തിൽ നിന്ന് വിര മിപ്പിച്ചു. അവരേയും രാക്ഷസി തന്നെ തെററിദ്ധരിപ്പിച്ചതായി രുന്നു. ഇതോടൊപ്പം, സംവരണനോട് സഹവസിക്കുന്നതിനു് തപതിയെ സൂര്യഭഗവാൻ അനുവദിച്ച വിവരവും ലഭിച്ചു. അപ്പോഴേയ്ക്കു് ഒരു ശരപഞ്ജരത്തിൽക്കുടുങ്ങിയ രാക്ഷസി ആകാ ശത്തു നിന്ന് അവരുടെ മുമ്പിൽ വന്നു വീണു. തപതീസംവര ണന്മാരുടെ പുത്രനായ കുരുവിന്റെ പരാക്രമമായിരുന്നു ഇതിന്നു പിന്നിൽ. തുടർന്ന് കുരുകുമാരനേയും കൊണ്ട് വസിഷ്ഠമഹർഷി അവിടെ വരുകയും പുത്രലാഭത്താൽ സംവരണൻ കൃതകൃത്യനാ യിത്തീരുകയും ചെയ്യു.

ഇതാണ് ചുരുക്കത്തിൽ ''തപതീ സംവരണ''ത്തിലെ കഥാവസ്തു. കഥാപാത്രങ്ങൾ പരസ്പരം കാര്യം മനസ്സിലാകാതെ സംസാരിക്കുന്നതു നിമിത്തം ഉളവാകുന്ന ''ഡ്രമാററിക് ഐറ ണി'' എന്ന തരം വിനോദത്തിന് ഈ കഥ അവസരം നല്കു ന്നുണ്ട്. ഫലിതവും കുറവല്ല. നല്ല രചനാസൌഷ്ഠവമുള്ള പദ്യങ്ങൾ. എന്നാൽ പലേടത്തും അവ പ്രതിധ്വനികളായി അനുഭവപ്പെടുന്നു. പ്രതിപാദ്യങ്ങളായ വികാരങ്ങളുടെ അനുദാ ത്തതയും, വർണ്ണ്യസന്ദർഭങ്ങളുടെ ജീവിതത്തിലേക്കു് ഇറങ്ങിച്ചെ ല്ലാനുള്ള അസമർത്ഥതയും, ആകപ്പാടെയുള്ള ഉത്ഥാനതയും ആധു നികനായ ഒരു വായനക്കാരന് വൈരസ്യമുളവാക്കുന്നു. ചുരു ക്കത്തിൽ സ്വപ്നവാസവദത്തത്തോടും ശാകുന്തളത്തോടും ഉത്തര രാമചരിതത്തോടും മാത്രമല്ല, മുദ്രാരാക്ഷസം, മൃച്ഛകടികം, വേണീസംഹാരം, രത്നാവലി എന്നിവയോടു പോലും കിടനി ല്ക്കാൻ ''തപതീസംവരണ''ത്തിനു് കഴിവില്ല.

എന്നാൽ കേരളീയർക്ക് ഈ കൃതിയിൽ പ്രത്യേക താല്പര്യ ത്തിന് കാരണമുണ്ട്. കേരളകുലചൂഡാമണിയും മഹോദയ

പുര പരമേശ്വരനുമായ കുലശേഖരവർമ്മയാണ് നാടകത്തിന്റെ നിർമ്മാതാവ് എന്നത്രേ ഈ കാരണം. അദ്ദേഹം പരമഹംസന്റെ പാദധൂളികൾ ശിരസ്സിൽ വഹിച്ചിരുന്നു. ''ആശ്ചര്യമഞ്ജരി'' എന്ന കഥ നിർമ്മിച്ചുമിരുന്നു. ഈ പരമഹംസൻ ആരെന്നറിഞ്ഞു കൂട. ''ആശ്ചര്യമഞ്ജരി'' കണ്ടു കിട്ടിയിട്ടുമില്ല. കുലശേഖരവർമ്മയുടെ പിൽക്കാലകൃതിയായ സുഭദ്രാധനഞ്ജയ നാടകത്തെപ്പററി ഇതിനു മുമ്പ് പ്രസ്താവിച്ചുവല്ലോ. തന്റെ ഒരു തൂലികാചിത്രം ഗ്രന്ഥകാരൻ നാടകാരംഭത്തിൽ സ്വയം നല്കുന്നുണ്ട്. മുക്കുയർന്ന്, കഴുത്തു തടിച്ച്, കാതില തോളിൽത്തൂങ്ങി, സ്വർണ്ണനിറത്തിൽ, നീണ്ടു നിവർന്ന ആ ശരീരം ഇപ്പോഴും കണ്ണിൻ മുൻപിൽ നില്ക്കുന്നതു പോലെ തോന്നുന്നു.

> ഉത്തുംഗഘോണമുരുകന്ധരമുന്നതാംസ—
> മംസാവലംബിമണികുണ്ഡലകർണ്ണപാശം
> ആജാനുലംബിഭുജമഞ്ചിതകാഞ്ചനാഭ—
> മായാമി യസ്യ വപുരാർത്തിഹരം പ്രജാനാം.

''മുകുന്ദമാല'' എന്ന സംസ്കൃതസ്തോത്രവും തമിഴിൽ ''തിരുമൊഴി'' എന്ന വൈഷ്ണവഗാനങ്ങളും എഴുതിയതു് ഈ കുലശേഖരവർമ്മ തന്നെയാണ് എന്നും, അദ്ദേഹം ക്രിസ്തുവർഷം ഒമ്പതാം നൂററാണ്ടിന്റെ ആദിയിലാണ് ജീവിച്ചിരുന്നതെന്നും കരുതാൻ ധാരാളം കാരണങ്ങളുണ്ട്. കൂടിയാട്ടം ഇന്നു കാണുന്ന രീതിയിൽ പരിഷ്കരിച്ചതു് ഇദ്ദേഹവും, ഇദ്ദേഹത്തിന്റെ സുഹൃത്തായിരുന്ന തോലൻ എന്ന നമ്പൂതിരിയും ചേർന്നാണ് എന്ന് പലരും വിശ്വസിക്കുന്നു. ഈ രാജാവ് നല്ലൊരു നടനായിരുന്നു എന്നും സ്വന്തം നാടകങ്ങൾ സ്വയം അഭിനയിച്ചു കാണിച്ചിരുന്നു എന്നുമുള്ളതിന് തെളിവുകളുണ്ട്. കൂടിയാട്ടത്തിന്റെ രീതിയിലുള്ള സംസ്കൃതനാടകാഭിനയം കാശി മുതലായ സ്ഥലങ്ങളിൽ നിലവിലിരുന്നതായി ''കുട്ടനീമതം'' എന്ന സംസ്കൃത കാവ്യത്തിൽ നിന്നറിയാം. ഈ നാടകാഭിനയസമ്പ്രദായം കേരളത്തിൽ നടപ്പാക്കിയതു് കുലശേഖരവർമ്മയായിക്കൂടെന്നില്ല. അദ്ദേഹത്തിന്റെ സുഹൃത്തായി അറിയപ്പെടുന്ന തോലൻ ആകട്ടെ, മിക്കവാറുമൊരു സങ്കല്പസൃഷ്ടി മാത്രമാകുന്നു. ആ പേരിൽ ഒരു വ്യക്തി ജീവിച്ചിരുന്നില്ലെന്നു വിശ്വസിക്കാനാണ് കൂടുതൽ തെളിവുകളുള്ളതു്. ''തപതീസംവരണ''ത്തിൽ കാണുന്ന ചില സൂചനകളിൽ നിന്ന്, അകാലവർഷകൃഷ്ണനെന്ന രാഷ്ട്രകൂടരാജാവിന്റെ സമകാലികനായ കോതരവിയായിരിക്കാം നാടകകൃത്തായ കുലശേഖരനെന്നും. അദ്ദേഹത്തിന്റെ കാലം ക്രിസ്തുവർഷം 917മുതൽ 947വരെ ആയിരിക്കാമെന്നും ചിലർ ഊഹിച്ചിട്ടുണ്ട്.